# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 963 — 09.08.2017 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നൽകിയതിന്റെ കണക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി** | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ എത്രയെന്നും നിലവിലെ കണക്ക് എത്രയെന്നും വ്യക്തമാക്കുമോ; | (എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം - 3615076 (2016 മാർച്ച് വരെ)<br>നിലവിലെ കണക്ക് - 3864156 (04.08.2017 വരെ)<br>(2016 ഏപ്രിൽ മാസം മുതൽ On line Registration ആരംഭിച്ചതിനാലും പുതിയ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തതിനാലും പഴയ രജിസ്ട്രേഷനുകൾ Computer Data base-ലേക്ക് ചേർത്തതിനാൽ നിലവിൽ 2016 ഏപ്രിൽ-നു ശേഷം നാളിതുവരെ 249080 ഉദ്യോഗാർഥികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്) |
| (ബി) ഇവരിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വിവിധ വകുപ്പുകളിൽ തൊഴിൽ ലഭിച്ചവർ എത്രയെന്നും ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് അക്കാലയളവിൽ സ്ഥിര നിയമനം നൽകി എന്നും ഈ സർക്കാർ കാലയളവിൽ ഇവയുടെ കണക്ക് എത്രയെന്നും വ്യക്തമാക്കുമോ; | (ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ വിവിധ വകുപ്പുകളിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം- 45436<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഒരു വർഷ കാലയളവിൽ വിവിധ വകുപ്പുകളിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം- 10872<br>വിവിധ വിഭാഗത്തിൽപ്പെട്ട സ്ഥിര നിയമനം ലഭിച്ചവരുടെ എണ്ണം |

| വിഭാഗം | കഴിഞ്ഞ സർക്കാർ കാലയളവിൽ | ഈ സർക്കാരിന്റെ ഒരു വർഷ കാലയളവിൽ |
|---|---|---|
| ഓപ്പൺ | 2913 | 932 |
| എസ്.സി. | 1506 | 385 |
| എസ്.റ്റി. | 193 | 56 |
| ഒ.ബി.സി. | 3944 | 1204 |
| ആകെ | 8556 | 2577 |

(സി) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്നും എത്ര പേർക്ക് അക്കാലയളവിൽ നിയമനം നൽകി എന്നും ആയത് ഈ സർക്കാർ കാലയളവിലെ കണക്കുകൾ എത്രയെന്നും മേഖലകൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തവരുടെ അകെ എണ്ണം 1,15,210
കഴിഞ്ഞ സർക്കാർ കാലയളവിൽ ജോലി ലഭിച്ചവർ - 1881

ഈ സർക്കാരിന്റെ ഒരു വർഷ കാലയളവിൽ പുതുതായി പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം - 40,107

ഈ സർക്കാർ കാലയളവിൽ ജോലി ലഭിച്ചവർ — 666

| **മേഖലകൾ** | **കഴിഞ്ഞ സർക്കാർ** | **ഈ സർക്കാർ** |
|---|---|---|
| CGQ | 22 | 25 |
| SG | 510 | 329 |
| SG(Q) | 1243 | 301 |
| LB | 10 | 8 |
| PVT | 96 | 3 |
| **Total** | **1881** | **666** |

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും, ഈ സർക്കാരിന്റെ കാലത്തും രജിസ്റ്റർ ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| **പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്** | **കഴിഞ്ഞ സർക്കാർ** | **ഈ സർക്കാർ** |
|---|---|---|
| തിരുവനന്തപുരം | 41468 | 12567 |
| എറണാകുളം | 31529 | 11395 |
| കോഴിക്കോട് | 42213 | 16145 |
| ആകെ | 115210 | 40107 |

(ഡി) എംപ്ലോയ്മെന്റ്/പ്രൊഫഷണൽ എംപ്ലോയ്മെന്റ് സ്വയംതൊഴിൽ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികൾ വഴി മുൻ സർക്കാർ കാലയളവിൽ എത്രപേർക്ക് സ്വയംതൊഴിൽ സഹായങ്ങൾ നൽകി എന്നും ആയത് ഈ സർക്കാർ കാലയളവിൽ എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ?

(ഡി) (a) കേരള സ് റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് (KESRU)

(b) മൾട്ടി പർപ്പസ് സർവീസ് സെന്റർസ് / ജോബ് ക്ലബ് പദ്ധതി.

(c) ശരണ്യ

(d) കൈവല്യ

കെസ് റു പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ) ആകെ 3201 പേർക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ച നൽകി. ഈ സർക്കാരിന്റെ കാലത്തു 2016-17, 2017-18 സാമ്പത്തികവർഷം 2017 ജൂലൈ 30 വരെ) 967 പേർക്ക് സ്വയംതൊഴിൽ വായ്പ നൽകി.

മൾട്ടി പർപ്പസ്/ജോബ് ക്ലബ് പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് **(2011-12** സാമ്പത്തിക വർഷം മുതൽ **2015-16** സാമ്പത്തിക വർഷം വരെ) ആകെ **371** പേർക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ച. ഈ സർക്കാരിന്റെ കാലത്ത് **(2016-17, 2017-18** സാമ്പത്തിക വർഷം **2017** ജൂലൈ **30** വരെ) **188** പേർക്ക് സ്വയംതൊഴിൽ വായ്പ നൽകി.

ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ) ആകെ 12659 വനിതകൾക്ക് സ്വയംതൊഴിൽ വായ്പ നൽകി. ഈ സർക്കാരിന്റെ കാലത്ത് (2016-17, 2017-18 സാമ്പത്തികവർഷം 2017 ജൂലൈ 30 വരെ) 4811 പേർക്ക് സ്വയംതൊഴിൽ വായ്പ നൽകി.

ഈ സർക്കാരിന്റെ കാലത്ത് കൈവല്യ പദ്ധതി പ്രകാരം ഇതുവരെ 477 ഭിന്നശേഷിക്കാരായ ആൾക്കാർക്ക് സ്വയംതൊഴിൽ വായ്പ നൽകി.

സെക്ഷൻ ഓഫീസർ